എയ്ഡഡ് സ്കൂളുകൾ

52(2907) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ പുതിയ സ്കൂളുകൾ എത്ര; നിലവിലുള്ള സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയവ എത്ര;,

(ബി) എയ്ഡഡ് സ്കൂളുകൾ അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ

53(2908) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. വി.ശശി :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ഏതെല്ലാം തരത്തിലുള്ള കേന്ദ്രസഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ; പ്രസ്തുത സഹായങ്ങൾ ഇപ്പോൾ മുടങ്ങിയിട്ടുണ്ടോ ; എങ്കിൽ മുടങ്ങാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു കുട്ടിക്ക് പ്രതിമാസം പരമാവധി എത്ര രൂക വീതം കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് 302 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി വിഭാഗത്തിലെ 50-ഓളം സ്കൂളുകൾക്ക് ദീൻ ദയാൽ റീഹാബിലിറ്റേഷൻ ഡിസേബിൾഡ് സ്കീമിൽ (ഡി.ഡി.ആർ.എസ്.) കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 230-ഓളം സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചുവരുന്നു. പ്രസ്തുത സഹായങ്ങൾ മുടങ്ങിയിട്ടില്ല. 2015-16 വർഷത്തെ കേന്ദ്ര സഹായത്തിനുള്ള ഓൺ ലൈൻ അപേക്ഷകൾ സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) സാമൂഹ്യനീതി വകുപ്പ് മുഖാന്തിരമാണ് കേന്ദ്ര സഹായം വിതരണം നടത്തുന്നത് എന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഇതുസംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല. ടി വകുപ്പിനോട് വിവരം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

മികച്ച അദ്ധ്യാപകനുള്ള അവാർഡ്

54(T 2910) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച അദ്ധ്യാപകനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡ് ലഭിക്കുന്നവർക്ക് സംസ്ഥാന സർക്കാർ പ്രോത്സാഹനമായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) കേന്ദ്ര അവാർഡ് ലഭിക്കുന്നവർക്ക് മറ്റ സംസ്ഥാന സർക്കാരുകൾ, പ്രോത്സാഹന സമ്മാനങ്ങൾ നൽകി ആദരിക്കാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലും ഇത്തരം അദ്ധ്യാപകർക്ക് പ്രോത്സാഹനമായി രണ്ട് ഇൻക്രിമെന്റോ മറ്റോ നൽകി ആദരിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ദേശീയ അവാർഡ് നേടുന്ന അദ്ധ്യാപകർക്ക് സർവ്വീസ് നീട്ടിനൽകണമെന്നും മറ്റ് അധിക ആനുകൂല്യങ്ങൾ നൽകണമെന്നുമുള്ള ആവശ്യങ്ങൾ സർക്കാർ പരിശോധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന പ്രത്യേക പരിഗണന എന്ന നിലയിൽ പ്രസ്തുത അദ്ധ്യാപകരെ കരിക്കുലം കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവാക്കി ഉൾപ്പെടുത്തിക്കൊണ്ട് സ.ഉ.(സാധാ) നമ്പർ 837/2015/ പൊ.വി.വ. തീയതി 2-3-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ നൽകുന്നകാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly